"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിങ് വിഭാഗം )
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471 –2324951
0471 –2325071
Tele FAX : 0471 – 2324951
e-mail: celsgd@gmail.com
website: www.celsgd.kerala.gov.in

നം. ഡിബി4/531/CMLRRP/2020/സിഇ/തസ്വഭവ (Meeting) തീയതി : 16. 11 .2021

## പരിപത്രം

വിഷയം : തസ്വഭവ – LID EW – CMLRRP – അവലോകന യോഗം – സംബന്ധിച്ച്

സൂചന : 30.10.2021–ന് ബഹുമാനപ്പെട്ട തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ നടപടി

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച് ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഒരു അവലോകനം സൂചന യോഗത്തിൽ ചർച്ച ചെയ്തിരുന്നു. ടി–യോഗത്തിൽ കരാർ ഉറപ്പിക്കുന്നതിനായി ഇനിയും അവശേഷിക്കുന്ന ജില്ലകളെയും **കോട്ടയം ജില്ലയെ പ്രത്യേകമായും** അവലോകനം നടത്തേണ്ടതാണെന്ന് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ഇതിനായി **ഉത്തര, ദക്ഷിണ മേഖല, കോർപറേഷൻ സൂപ്രണ്ടിങ് എഞ്ചിനീയർമാരുടെയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഒരു യോഗം അവലോകന യോഗം 19.11.2021ന് – പകൽ 11 മണിക്ക് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.**

<u>**മേൽ യോഗം കഴിയുന്ന മുറയ്ക്ക് അന്നേ ദിവസം 11.30–ന് കോട്ടയം ജില്ലയുടെ മാത്രം CMLRRP പ്രവൃത്തികളുടെ അവലോകന യോഗം ചേരുന്നതാണ്. യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരും നിയന്ത്രണാധികാരികളും പങ്കെടുക്കേണ്ടതാണ്,**</u> ആയത് ദക്ഷിണ മേഖല സൂപ്രണ്ടിങ് എഞ്ചിനീയറും കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ഉറപ്പ് വരുത്തേണ്ടതാണ്. യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ, ലിങ്ക് എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ 18.11.2021–ന് മുൻപായി MIS–ൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തി വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതും **P–1125 – CMLRRP – NOC – status, P–1128 – CMLRRP – AS Revision / Cancellation (ബന്ധപ്പെട്ടവർ മാത്രം)** എന്നീ പ്രൊഫോർമകൾ സമയബന്ധിതമായി അപ്ഡേറ്റ് ചെയേണ്ടതുമാണെന്ന് കൂടി അറിയിക്കുന്നു

ചീഫ് എഞ്ചിനീയർ